# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 17 | ഏപ്രിൽ 2020 | ലക്കം 4



**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/04/2020

Reg. No. KL/IDK/08/19-21
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.




Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602


50
Jubilee
പൗരോഹിത്യ ജീവിതത്തിൽ
50 വർഷങ്ങൾ പിന്നിടുന്ന
മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
പിതാവിന് പ്രാർത്ഥനാശംസകൾ.....


ഏപ്രിൽ
24
വി. ഗീവർഗ്ഗീസിന്റെ
തിരുനാൾ

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 17
Issue No. : 4
Month : April 2020




*Patron*
**Mar John Nellikunnel**
Bishop of Idukki
*Chief Editor*
**Rev. Fr. George Thakadiyel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com

## ഈ ലക്കത്തിൽ

| | |
|---|---|
| സർക്കുലർ | 05 |
| CBCI 34-ാം സമ്പൂർണ്ണ സമ്മേളന റിപ്പോർട്ട് | 08 |
| രൂപതക്കച്ചേരി | 18 |
| ക്രിസ്തുജ്യോതി | 20 |
| സാമൂഹ്യസേവനം | 20 |
| കെ.സി.എസ്.എൽ. | 22 |
| ചെറുപുഷ്പ മിഷൻലീഗ് | 23 |
| കെ.സി.വൈ.എം. | 24 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 26 |
| മാതൃവേദി | 27 |
| പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ | 28 |

*"We are one human family. Let us bring all hostilities to a halt. May our joint fight against the #COVID-19 pandemic bring everyone to recognize the great need to reinforce brotherly and sisterly bonds."*

*Pope Francis, Tweet, 29-03-2020*

# ഓർമ്മിക്കാൻ

## ഏപ്രിൽ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

05 : ഓശാന ഞായർ

09 : പെസഹാ വ്യാഴം

10 : പീഡാനുഭവ വെള്ളി

11 : വലിയ ശനി, ഉയിർപ്പുകാലം ആരംഭിക്കുന്നു

12 : നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ

17 : വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെ തിരുനാൾ)

19 : പുതുഞായർ

24 : വി. ഗീവർഗ്ഗീസ്

25 : വി. മർക്കോസ് സുവിശേഷകൻ

29 : സിയന്നായിലെ വി. കത്രീന

C. 08.

# സർക്കുലർ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

കോവിഡ്-19 അണുബാധ ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുന്ന ഭീതിജനകമായ ഒരവസ്ഥയിലാണല്ലോ നാമിന്ന്. ദൈവികസംരക്ഷണത്തിനുവേണ്ടി മനസ്സുരുകി പ്രാർത്ഥിക്കേണ്ട സമയമാണിത്. അതോടൊപ്പം ഇതിന്റെ സമൂഹവ്യാപനം പരമാവധി ഇല്ലാതാക്കുന്നതിന് സർക്കാരും, ആരോഗ്യവകുപ്പും നൽകുന്ന മുൻകരുതലുകളും പ്രതിരോധനടപടികളും സ്വീകരിക്കുന്നതിന് ഏവരും സർവാത്മനാ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. നാം കൂടുതൽ ജാഗ്രത പാലിക്കുന്നതുകൊണ്ട് രോഗവ്യാപനം ഇപ്പോൾ നിയന്ത്രണവിധേയമാണെങ്കിലും എന്തെങ്കിലും അലംഭാവം എവിടെയെങ്കിലും ഉണ്ടായാൽ ഈ അവസ്ഥ നിയന്ത്രണാതീതമാകുമെന്നും എല്ലാവരും ഓർത്തിരിക്കേണ്ടതാണ്. ഈ പ്രശ്നത്തിന്റ രൂക്ഷത മനസ്സിലാക്കി 10.03.2020 ൽ രൂപതാ കാര്യാലയത്തിൽനിന്നും നൽകിയ നിർദ്ദേശങ്ങളുടെ അനുബന്ധമായും, ബഹു. ഇടുക്കി കളക്ടർ 17.03.2020 ൽ പുറപ്പെടുവിച്ച വാർത്താക്കുറിപ്പിന്റെയും 18.03.2020 ൽ കെ.സി.ബി.സി. നൽകിയ സർക്കുലറിന്റെയും വെളിച്ചത്തിലും രൂപതാതലത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

1. നിലവിലുള്ള സാഹചര്യങ്ങളുടെ ഗൗരവാവസ്ഥ പരിഗണിച്ച് ഞായറാഴ്ച ദൈവാലയത്തിലെത്തി പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയെന്ന കടമയിൽനിന്നും ഇടുക്കി രൂപതയിലെ ദൈവജനത്തിന് മാർച്ച് 31 വരെ രൂപതയുടെ പിതാവും മേലധ്യക്ഷനുമെന്ന നിലയിൽ ഞാൻ ഒഴിവ് നൽകുന്നു.
2. എന്നാൽ എല്ലാ ദിവസങ്ങളിലും ഇടവകകളിൽ പതിവുസമയം വികാരിമാർ വിശുദ്ധ കുർബാന അർപ്പിക്കുകയും ഇടവകാംഗങ്ങൾ ആ സമയത്ത് വീട്ടിലായിരുന്നുകൊണ്ട് ആത്മീയമായി പരി

ശുദ്ധ കുർബാനയിൽ പങ്കുചേരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം നല്ല ഒരുക്കത്തോടും ആഗ്രഹത്തോടുംകൂടി പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുമ്പോൾ ആത്മനാ ദിവ്യകാരുണ്യം സ്വീകരിക്കുവാനും കഴിയും.

3. ബഹു. വൈദികർ കഴിവതും സമയം ദൈവാലയത്തിൽ ഉണ്ടായിരിക്കുകയും ദൈവജനത്തിന് പ്രാർത്ഥനയിലൂടെ ആത്മവിശ്വാസം പകരുകയും ചെയ്യണം.

4. വ്യക്തികളായി വന്നു പ്രാർത്ഥിക്കാനുള്ള സൗകര്യം നൽകാൻ എല്ലാ ദേവാലയങ്ങളും പതിവുപോലെ തുറന്നിടേണ്ടതാണ്. ആവശ്യമായ മുൻകരുതലോടെ വേണ്ടത്ര ഒരുക്കങ്ങൾ നടത്തിയവർക്ക് ദിവ്യകാരുണ്യം നൽകേണ്ടതുമാണ്.

5. കൊറോണാ വൈറസ് ബാധിതർക്കും നിരീക്ഷണത്തിലിരിക്കുന്നവർക്കും അജപാലനശുശ്രൂഷ ലഭ്യമാക്കേണ്ട സാഹചര്യങ്ങളിൽ ബന്ധപ്പെട്ട അധികാരികളോട് ആലോചിച്ച് ശുശ്രൂഷകൾ ലഭ്യമാക്കേണ്ടതാണ്. അനുരഞ്ജന കൂദാശയും ദിവ്യകാരുണ്യവും രോഗീലേപനവും അടിയന്തിരമായി ലഭ്യമാക്കേണ്ടതായി വരുന്ന സാഹചര്യങ്ങളിൽ വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. സഭയുടെ ശുശ്രൂഷകൾ ഏതു ദുർഘട സാഹചര്യത്തിലും സംലഭ്യമാണെന്ന ബോധ്യം നൽകുകയും ചെയ്യണം.

6. നോമ്പുകാല ചൈതന്യത്തിൽ ഉപവാസമെടുത്ത് പ്രാർത്ഥിക്കുകയും അവരവരുടെ വീടുകളിൽ ജപമാല, കരുണക്കൊന്ത, വചനപാരായണം. കുരിശിന്റെ വഴി, യാമപ്രാർത്ഥന തുടങ്ങിയവ നടത്താനും അങ്ങനെ നമ്മുടെ ഭവനങ്ങൾ പ്രാർത്ഥനാലയങ്ങളാക്കി മാറ്റാനും ഈ അവസരം പ്രത്യേകമായി പ്രയോജനപ്പെടുത്തണം.

7. സന്ന്യാസഭവനങ്ങളിൽ ഈ നിയോഗത്തിനുവേണ്ടി ആരാധനയും പ്രാർത്ഥനയും നടത്തണം.

കെ.സി.ബി.സി. ആഹ്വാനം ചെയ്തിരിക്കുന്നതുപോലെ 2020 മാർച്ച് 27-ാം തീയതി പ്രാർത്ഥനാദിനമായി ആചരിക്കേണ്ടതാണ്.

അന്നേദിവസം എല്ലാവരും ഉപവാസമനുഷ്ഠിക്കുന്നത് ഉചിതമായിരിക്കും.

9. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വേണ്ടത്ര ഒരുക്കത്തോടും ബഹുമാനത്തോടും കൂടി കുടുംബാംഗങ്ങൾക്ക് ഒരുമിച്ചിരുന്ന് ഓൺ ലൈൻ കുർബാനയിൽ പങ്കെടുക്കാവുന്നതാണ്. ഇടുക്കി വിഷനിലൂടെയുള്ള വിശുദ്ധ കുർബാനയുടെ തത്സമയസംപ്രേഷണത്തെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ താമസംവിനാ നൽകുന്നതാണ്.

10. മൃതസംസ്കാരത്തിലുൾപ്പെടെ ആളുകളുടെ എണ്ണം കുറയ്ക്കുന്നതിന് ശ്രദ്ധിക്കുകയും അന്ത്യചുംബനമർപ്പിക്കുന്നത് ഒഴിവാക്കുകയും ചെയ്യുക.

11. സർക്കാരും ആരോഗ്യവകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ജനങ്ങളോട് ആവശ്യപ്പെടണം.

12. രോഗബാധ സംശയിക്കുന്നവരോ രോഗലക്ഷണമുള്ളവരോ നിരീക്ഷണത്തിലുള്ളവരോ കോവിഡ് ബാധയുള്ളവരുടെ സാന്നിധ്യമുള്ള സ്ഥലങ്ങളിൽനിന്ന് വരുന്നവരോ യാതൊരു കാരണവശാലും പള്ളിയിലെത്തരുത്.

മിശിഹായിൽ സ്നേഹപൂർവം,

| | |
|---|---|
| രൂപതാ കാര്യാലയം, ഇടുക്കി | മാർ ജോൺ നെല്ലിക്കുന്നേൽ |
| 18.03.2020 | ഇടുക്കി രൂപത മെത്രാൻ |

---

◆ ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ മാർച്ച് 19 മുതൽ 31 വരെയുള്ള ദിവസങ്ങളിലേക്കു മാത്രമുള്ളതാണ്.

◆ എല്ലാവരേയും ഈ സർക്കുലറിലെ വിവരങ്ങൾ അറിയിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

C. 09. സർക്കുലർ

# ഭാരതീയ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫ്രൻസ് 34-ാം സംപൂർണ സമ്മേളനം

**സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ്**
**ബാംഗ്ലൂരു,**
**13-19 ഫെബ്രുവരി 2020**

**സംവാദം: സത്യത്തിലേക്കും പരസ്നേഹത്തിലേക്കുമുള്ള പാത**

ആമുഖം

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയിലെ അംഗങ്ങളായ ഞങ്ങൾ, 192 മെത്രാന്മാർ, ബാംഗ്ലൂരിലുള്ള സെന്റ് ജോൺസ് നാഷണൽ അക്കാദമി ഓഫ് ഹെൽത്ത് സയൻസസ് എന്ന സ്ഥാപനത്തിൽ 2020 ഫെബ്രുവരി 13-19 തീയതികളിൽ 34-ാം സംപൂർണ സമ്മേളനത്തിനായി ഒത്തുചേർന്നു. യേശുക്രിസ്തുവിനോടുള്ള ഞങ്ങളുടെ വിശ്വസ്തതയാലും ഞങ്ങളുടെ പ്രിയപ്പെട്ട മാതൃഭൂമിയോടുള്ള സങ്കോചമില്ലാത്ത വിധേയത്വത്താലും പ്രചോദിപ്പിക്കപ്പെട്ട്, "സംവാദം സത്യത്തിലേക്കും പരസ്നേഹത്തിലേക്കുമുള്ള പാത" എന്ന ശാശ്വത പ്രസക്തിയുള്ള പ്രമേയത്തെക്കുറിച്ച് ചിന്തിക്കുകയും ധ്യാനിക്കുകയും പര്യാലോചിക്കുകയും ചെയ്തു. ഞങ്ങളുടെ അപ്പസ്തോലിക ശുശ്രൂഷയുടെ ഗുണമേന്മയെ ആത്മാർത്ഥമായി വിലയിരുത്താനും "സേവിക്കപ്പെടാനല്ലാതെ സേവിക്കാൻ" (മർക്കോ 10:48) വന്ന ക്രിസ്തുവിന്റെ ഹൃദയമനുസരിച്ച് ഞങ്ങളുടെ ജനതയുടെ ദാസരായ നേതാക്കളായിരിക്കാൻ പരിശുദ്ധാത്മാവിൽ നവീകരിക്കപ്പെടാനും ഞങ്ങൾ പരിശ്രമിച്ചു.

യേശുക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ സമൂഹമാണ് സഭ. അതിന്റെ ഹൃദയത്തിൽ സമഗ്രവും എല്ലാവരെയും ഉൾക്കൊള്ളുന്ന

തുമായ സംവാദമുണ്ട്. യഥാർത്ഥത്തിൽ സംവാദം ക്രൈസ്തവവിശ്വാസത്തിന്റെ സത്തയുടെതന്നെ ഭാഗമാണ്. സഭ അതിന്റെ ചരിത്രത്തിൽ മുഴുവനും വ്യത്യസ്തതലങ്ങളിൽ സംവാദത്തിൽ ഏർപ്പെടാൻ തീവ്രപരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സഭ മനുഷ്യരുടെ സമൂഹമെന്ന നിലയിൽ സിവിൽ സമൂഹത്തിലും രാഷ്ട്രീയ സമൂഹത്തിലും ജീവിക്കുന്നു. ഭാരതത്തിന്റെ വിശ്വസ്തതയുള്ള പൗരന്മാരായി ജീവിക്കുവാൻ ഞങ്ങളെ അത് നിരന്തരം പ്രചോദിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യ ശുശ്രൂഷ, സാമൂഹിക പരിവർത്തനം എന്നീ മണ്ഡലത്തിൽ സഭ ശ്രദ്ധേയമായ സംഭാവന നല്കിയിട്ടുണ്ട്. അത് ഭാരതീയ ജനത നിരന്തരം അംഗീകരിച്ചിട്ടുമുണ്ട്.

**ഭാരതം: നാനാത്വത്തിൽ ഏകത്വം**

ഭാരതീയ സമൂഹത്തിന്റെ മുദ്ര അതിന്റെ ബഹുത്വമാണ്. പൗരാണിക കാലം മുതൽ ഭാരതം സുശക്തമായ ഭാരതീയ തനിമയോടുകൂടിയ അനേകം മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഷകളുടെയും ഒരു അലങ്കാരപ്പണിയാണ്. നമ്മെ ഐക്യപ്പെടുത്തുന്നത് എന്താണോ അത് നമ്മെ വിഭജിക്കുന്ന ഘടകങ്ങളെക്കാൾ ശക്തവും അഗാധവുമാണ്. ഒരു സോവറിൻ സോഷ്യലിസ്റ്റ് സെക്കുലർ ഡിമോക്രാറ്റിക് റിപ്പബ്ളിക്കിനെ വിഭാവനം ചെയ്യുന്ന നമ്മുടെ ഭരണഘടനയിൽ നാം അഭിമാനംകൊള്ളുന്നു. എല്ലാ പൗരന്മാർക്കും നീതിയും സ്വാതന്ത്ര്യവും സാഹോദര്യവും അത് ഉറപ്പുവരുത്തുന്നു. ആമുഖത്തിൽത്തന്നെ അക്കാര്യം അതു വ്യക്തമാക്കിയിട്ടുണ്ട്. നീതിയെന്നത് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമാണെന്ന് വിവരിച്ചിട്ടുണ്ട്; സ്വാതന്ത്ര്യമെന്നത് ആശയപ്രകാശനം, ആചാരം, മതവിശ്വാസം, ആരാധന എന്നിവയിലുള്ള സ്വാതന്ത്ര്യമാണെന്ന് വിശദീകരിച്ചിട്ടുണ്ട്; സമത്വമെന്നത് പദവിയുടെയും അവസരത്തിന്റെയും സമത്വമാണെന്ന് മനസ്സിലാക്കപ്പെടുന്നു. ഭാരതീയ തനിമയുടെ സഹജസ്വഭാവത്തിൽ നിന്നുള്ള ഭരണഘടനാപരമായ ഈ മൂല്യങ്ങൾ സാഹോദര്യം, വ്യക്തിയുടെ മഹത്ത്വം എന്നിവയെയും ദേശത്തിന്റെ ഐക്യം, സമഗ്രത എന്നിവയെയും വളർത്തുന്നു. ഭരണഘടനയിലെ ശ്രേഷ്ഠമായ മാനുഷിക വീക്ഷണത്തെ തകർക്കാനുള്ള എല്ലാ പരി

ശ്രമങ്ങൾക്കും എതിരേ ഓരോ പൗരനും നിതാന്ത ജാഗ്രത പുലർത്തണം.

**ബൈബിൾപരമായ അടിസ്ഥാനങ്ങൾ**

ജനതകളും സംസ്കാരങ്ങളും തമ്മിലുള്ള സംവാദത്തിന്റെ ആവശ്യകതയെപ്പറ്റിയുള്ള നമ്മുടെ ധാരണയെ ബൈബിളിലൂടെ ഒഴുകുന്ന വിവിധ ചിന്താധാരകൾ സമ്പന്നമാക്കുന്നുണ്ട്. ഇതരമതങ്ങളുമായുള്ള സംവാദം ബൈബിൾപരമായ വെളിപാടിന്റെ സമഗ്രതയോടു ചേർന്നു പോകുന്നതാണ്. എല്ലാറ്റിന്റെയും സ്രഷ്ടാവായ ദൈവം, ദൈവാത്മാവിന്റെ സാർവത്രിക സാന്നിധ്യം, മനുഷ്യകുലം മുഴുവന്റെയും രക്ഷകനായ യേശു എന്നിങ്ങനെ ത്രിത്വേക ദൈവത്തിലുള്ള വിശ്വാസത്തിൽ വേരുറച്ചതാണ് ബൈബിളിലെ സംവാദത്തിന്റെ വിവിധമാനങ്ങൾ.

ദൈവം എല്ലാവരുടെയും പിതാവാണെന്ന് സുവിശേഷങ്ങളിൽ ജനങ്ങളുമായുള്ള യേശുവിന്റെ കണ്ടുമുട്ടലുകൾ വെളിപ്പെടുത്തുന്നുണ്ട്; യേശുക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യം ദൈവത്തിന്റെ സ്നേഹത്തെയാണ് മൂർത്തമാക്കുന്നത്. വംശം, ലിംഗം, നിറം, വർഗം, ഭാഷ, വിശ്വാസം എന്നീ വ്യത്യാസങ്ങൾ കൂടാതെ തന്നെ. യേശുവിന്റെ സദ്വാർത്ത മനുഷ്യവംശത്തെ ആഹ്വാനം ചെയ്യുന്നത് നീതിയുടെയും സമത്വത്തിന്റെയും സ്നേഹത്തിന്റെയും ക്ഷമിക്കലിന്റെയും സമാധാനത്തിന്റെയും ഒരു സമൂഹം സ്ഥാപിക്കാനാണ്.

സംവാദം തുടങ്ങുകയും വളരുകയും ചെയ്യുന്നത്, നാം കർത്താവിലേക്ക് അവിടുത്തെ വാക്കുകൾക്കും പ്രവൃത്തികൾക്കും സ്വയം സമർപ്പിച്ചുകൊണ്ട് സ്വയം തുറക്കുമ്പോഴും, സത്യത്തിലേക്കും ഉപവിയിലേക്കുമുള്ള വഴി നിർമ്മിക്കുന്ന അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യം ജീവിക്കുമ്പോഴുമാണ്. ഉദാഹരണമായി, സമരിയാക്കാരിയുമായുള്ള സംവാദത്തിൽ, സത്യത്തിലും ആത്മാവിലും ദൈവവുമായി ബന്ധപ്പെടുത്തുന്ന യഥാർത്ഥ ചക്രവാളങ്ങളെ യേശു വെളിപ്പെടുത്തുന്നു. അവിടുന്ന് ജീവന്റെ സംവാദത്തെപ്പറ്റി പറഞ്ഞുതുടങ്ങിയിട്ട് പ്രവൃത്തിയുടെ സംവാദത്തി

ലേക്കു നീങ്ങുന്നു. അതിനെത്തുടർന്ന് മതപരമായ അനുഭവം പങ്കുവയ്ക്കുന്ന സംവാദമുണ്ടാകുന്നു. അവസാനം സംവാദം സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിലേക്കു നയിക്കുന്നു.

**സഭയുടെ പ്രബോധനങ്ങൾ**

പരസ്പരം ബഹുമാനിച്ചുകൊണ്ടും ഓരോരുത്തരുടെയും മതപാരമ്പര്യങ്ങൾ ബഹുമാനിച്ചുകൊണ്ടും സമാധാനവും ഐക്യവും വളർത്താൻ പരസ്പരം സഹകരിക്കാനും എല്ലാവരുടെയും പൊതു നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനും സഭ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നു. സമൂഹത്തിൽ സമാധാനം സ്ഥാപിക്കാൻ എല്ലാ പരിശ്രമവും നടത്തണമെന്ന് ഫ്രാൻസിസ് പാപ്പാ സന്മനസ്സുള്ള എല്ലാവരെയും ഇങ്ങനെ നിർബന്ധിക്കുന്നു: "ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാ മനുഷ്യരെയും ഐക്യപ്പെടാനും ഒന്നിച്ചു പ്രവർത്തിക്കാനും ക്ഷണിച്ചുകൊണ്ട്...എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരാക്കുന്ന മഹത്തായ ദൈവിക കൃപയെപ്പറ്റിയുള്ള ബോധത്തോടെ പരസ്പര ബഹുമാനത്തിന്റെ ഒരു സംസ്കാരത്തെ വളർത്താൻ ഭാവി തലമുറകൾക്ക് മാർഗദർശകമായിത്തീരുന്നതിനാണത്. സൃഷ്ടിയെയും മുഴുവൻ പ്രപഞ്ചത്തെയും സംരക്ഷിച്ചുകൊണ്ടും എല്ലാ വ്യക്തികളെയും, പ്രത്യേകിച്ച്, ഏറ്റവും ദരിദ്രരായവരെയും ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരെയും, പിന്താങ്ങിക്കൊണ്ടും ഈ മാനുഷിക സാഹോദര്യം പ്രകടമാക്കാൻ വിളിക്കപ്പെട്ടവരാണ് എല്ലാവരും..."

(മാനുഷിക സാഹോദര്യത്തെ സംബന്ധിച്ച പ്രമാണരേഖ, 4 ഫെബ്രുവരി 2019, അബുദാബി)

സംവാദം സഭയുടെ വിളിയിൽത്തന്നെ വേരുപിടിച്ചിട്ടുള്ളതാണ്. സംവാദത്തിന് തുറവിയുള്ളവരായിരിക്കുകയെന്നാൽ സ്വന്തം മത പാരമ്പര്യത്തോട് തികഞ്ഞ വിശ്വസ്തത പുലർത്തുന്നവരാകുക എന്നുകൂടി അർത്ഥമുണ്ട്. സംവാദത്തിലൂടെ വിശ്വാസികൾ അപരരുടെ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കുന്നു.

**സംസ്കാരങ്ങളും മതങ്ങളുമായുള്ള സംവാദം**

ഭാരതത്തിൽ ജീവിക്കുന്ന ഓരോ സമൂഹത്തിനും സ്വകീയ സമ്പന്നതയുള്ള സ്വന്തം സാംസ്കാരിക തനിമയുണ്ട്. അത് എന്തു വിലകൊടുത്തും ആദരിക്കപ്പെടണം. ഏകാത്മകമാക്കുവാനും ഏക സാംസ്കാരിക രൂപം അടിച്ചേല്പിക്കാനുമുള്ള പരിശ്രമങ്ങൾ നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിന് ഗൗരവാവഹമായ ഭീഷണികൾ ഉയർത്തുന്നു. നമ്മുടെ ഭരണഘടന നിദർശിക്കുന്നതുപോലെ മനുഷ്യവ്യക്തിയുടെ പ്രാഥമ്യത്തെ അംഗീകരിക്കാതെ അർത്ഥപൂർണമായ സംവാദം ഉണ്ടാവുകയില്ല. ഓരോ സംസ്കാരത്തിന്റെയും മതത്തിന്റെയും വ്യക്തികളെയും മതവിശ്വാസമില്ലാത്തവരെയും പരസ്പര ബഹുമാനത്തോടെ വിലമതിക്കണം. അത് ക്രമേണ മാനുഷിക സാഹോദര്യത്തിലേക്കു നയിക്കും. ഒരു സംസ്കാരമോ മതമോ മറ്റു സംസ്കാരങ്ങളുടെയും മതങ്ങളുടെയും മേൽ ആധിപത്യമുറപ്പിക്കരുത്. പ്രബലസ്വഭാവമുള്ള സംസ്കാരം ചില സംസ്കാരങ്ങളെ കീഴ്പ്പെടുന്നത് രാജ്യത്തിൽ നിലനില്ക്കുന്ന സാഹോദര്യത്തെയും ഐക്യത്തെയും തകർക്കും. "സാഹോദര്യത്തിന്റെ ശത്രു വ്യക്തിപരമായ സ്വതന്ത്രതാവാദമാണ്. അത് തന്നെത്തന്നെയും തന്റെ ഗ്രൂപ്പിനെയും മറ്റുള്ളവരുടെ മുകളിലുള്ളതായി ഉറപ്പിച്ചു പറയാനുള്ള ആഗ്രഹമായി മാറും. അതുകൊണ്ട്, മറ്റുള്ളവരെ ശത്രുക്കളായും എതിരാളികളായും വിധിക്കാൻ അടിക്കടി ഉണ്ടാകുന്ന പ്രലോഭനത്തിൽ നിന്ന് മതപരമായ പെരുമാറ്റത്തെ നിരന്തരം ശുദ്ധീകരിക്കണം" (മാനുഷിക സാഹോദര്യത്തെക്കുറിച്ചുള്ള പ്രമാണരേഖ, 4 ഫെബ്രുവരി 2019, അബുദാബി).

**ദരിദ്രരും ദളിതരും ഗോത്രവർഗങ്ങളുമായിട്ടുള്ള സ്വാതന്ത്ര്യദായകമായ സംവാദം**

ദരിദ്രരും ദളിതരും ഗോത്രവർഗങ്ങളുമായിട്ടുള്ള സംവാദം, ഭാരതത്തിന്റെ സാഹചര്യത്തിൽ, അടിയന്തിരാവശ്യത്തിൽപ്പെട്ട മുൻഗണനയാണ്. ദളിതരും ഗോത്രവർഗങ്ങളും സാമൂഹികമായി നിരന്തരം മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നവരാണ്. ദാരിദ്ര്യം, ചൂഷ

ണം, വിവേചനം എന്നിവയും സമൂഹത്തിലെ പാപകരമായ സംവിധാനങ്ങളുടെ ഓരോ രൂപവും ഇല്ലായ്മ ചെയ്തുകൊണ്ട് അവരുടെ വിമോചനത്തിനുവേണ്ടി ചെയ്യുന്ന ഓരോ പരിശ്രമവും സംവാദത്തിന്റെ ഫലപ്രദമായ മാർഗമാണ്. ദരിദ്രരുമായുള്ള സംവാദം കാരുണ്യപ്രവൃത്തികൾ മാത്രമായി ചുരുക്കാൻ പാടില്ല. 'പാവപ്പെട്ടവരുടെ സഭ' എന്ന പ്രയോഗം ദരിദ്രർ ക്രിസ്തുവിന്റെ സ്ഥാനത്തു നില്ക്കുന്നുവെന്ന് ക്രിസ്ത്യാനികൾക്കുള്ള സ്ഥിരമായ ആത്മാവബോധത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ക്രിസ്തുവിന്റെ അനുഗാമിയായിരിക്കുക എന്നതിന്റെ സത്താപരവും കേന്ദ്രസ്ഥവുമായ ഒരു മാനമായിരിക്കണം പരസ്നേഹവും നീതിയും.

ഈ സാഹചര്യത്തിൽ, ദളിത് ക്രിസ്ത്യാനികൾക്കും ഗോത്രവർഗങ്ങൾക്കും നീതി ഉറപ്പുവരുത്താൻ പര്യാപ്തമായ നടപടികൾ സ്വീകരിക്കാൻ രാഷ്ട്രത്തിന്റെ ഭരണാധികാരികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**പ്രകൃതിമായുള്ള സംവാദം**

പ്രകൃതിയുമായുള്ള സംവാദം മറ്റൊരു സുപ്രധാന വശമാണ്. ജീവനെ പിന്തുണയ്ക്കാനും ദൈവത്തെ സ്തുതിക്കാനുംവേണ്ടി സൃഷ്ടിക്കപ്പെട്ട നമ്മുടെ പൊതുഭവനമായ ഭൂമി വേദനയോടെ നിലവിളിക്കുകയാണ്. കാരണം, മാനുഷിക പ്രവർത്തനം അതിനെ നശിപ്പിക്കുന്നു. സ്രഷ്ടാവ് ഉദ്ദേശിച്ചിരിക്കുന്ന ഭൂമിയുടെ പരിസ്ഥിതിപരമായ സന്തുലിതാവസ്ഥയെ സംരക്ഷിക്കുകയെന്ന കടമ ദൈവത്തിൽ വിശ്വസിക്കുന്നവരും സന്മനസ്സുള്ളവരുമായ എല്ലാവർക്കും ഉണ്ട്. അതുകൊണ്ട് പ്രകൃതിമായുള്ള സംവാദത്തിൽ താഴെപ്പറയുന്ന ഗൗരവാവഹമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നു: പരിസ്ഥിതി വ്യതിയാനം മൃദുലമാക്കുക, കരഭൂമിയും കടലുകളും ശുദ്ധീകരിക്കുക, എല്ലാ സൃഷ്ടികളോടും ആദരവോടും പരിഗണനയോടും കൂടി പെരുമാറാൻ തുടങ്ങുക.

**പിറക്കാത്തവരുമായുള്ള സംവാദം**

സംവാദം ജനിച്ചുകഴിഞ്ഞവരോടു മാത്രമുള്ളതായി പരിമി

തപ്പെടുത്താൻ പാടില്ല. പിറക്കാത്തവർക്ക് ജീവിക്കാനുള്ള അവകാശമുണ്ട്. അത് ഗൗരവപൂർവം പരിഗണിക്കണം. മനുഷ്യജീവി ഗർഭത്തിലായിരിക്കുന്ന നിമിഷം മുതൽ ഒരു വ്യക്തിയെന്ന നിലയിൽ ആദരിക്കപ്പെടുകയും കൈകാര്യം ചെയ്യപ്പെടുകയും വേണമെന്ന് നമ്മൾ വിശ്വസിക്കുന്നു. കാരണം, ഓരോ മനുഷ്യജീവനും ആന്തരിക മഹത്ത്വമുണ്ട്. അതുകൊണ്ട് ഗർഭപാത്രം മുതൽ ശവക്കല്ലറ വരെ മനുഷ്യവ്യക്തിക്ക് അവകാശപ്പെട്ട ബഹുമാനത്തോടെ പെരുമാറണം. ആറാംമാസം വരെ പോലും ഗർഭഛിദ്രം നടത്തുന്നത് നിയമാനുസൃതമാക്കാനുള്ള നടപടികൾ പിറക്കാത്ത ജീവന്റെ അവകാശത്തെ പിഴുതെറിയുന്ന വലിയ അനീതിയായിക്കരുതി അപലപിക്കപ്പെടണം. പാർലിമെന്റിലെ ബില്ല് പെട്ടെന്ന് പിൻവലിക്കാൻ രാഷ്ട്രാധീകാരികളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**സമാധാനത്തിന്റെ സംവാദം**

മതാന്തരസംവാദം നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും അടിയന്തിരസ്വഭാവമുള്ള ഒരു കാര്യമാണ്. മതങ്ങൾ തമ്മിൽ സമാധാനം പുലർത്തുന്നില്ലെങ്കിൽ രാഷ്ട്രങ്ങൾ തമ്മിൽ സമാധാനം പുലരുകയില്ല. മതങ്ങൾ തമ്മിൽ സംവാദമില്ലെങ്കിൽ രാഷ്ട്രങ്ങൾ തമ്മിൽ സമാധാനാവസ്ഥയുണ്ടാവുകയില്ല. മതമൗലികവാദികളുടെയും ഭീകരവാദികളുടെയും കൈകളിൽ നിന്ന് നിഷ്കളങ്കരായ ആളുകൾ ആഗോളതലത്തിൽ സഹിക്കുന്ന നിരന്തരമായ മതപീഡനം ഞങ്ങളെ ആശങ്കാകുലരാക്കുന്നു.

ഇന്ത്യയിലെ സംവാദം താഴെപ്പറയുന്ന കാര്യങ്ങളിലുള്ള സഹകരണത്തെ ലക്ഷ്യംവയ്ക്കണം: സമാധാനം പടുത്തുയർത്തൽ, പരിസ്ഥിതിസംരക്ഷണം, ദാരിദ്ര്യനിർമാർജനം, എല്ലാവരുടെയും, പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും, മാനുഷിക മഹത്ത്വത്തെ ഉറപ്പാക്കൽ. ഇതിനും പുറമേ, സംവാദത്തിന് മറികടക്കാനാവാത്ത തടസ്സങ്ങൾ സൃഷ്ടിക്കുന്ന എല്ലാ യുദ്ധങ്ങളെയും അക്രമത്തെയും ഭീകരവാദത്തെയും ഞങ്ങൾ അപലപിക്കുന്നു. അനുരഞ്ജിത സമൂഹത്തിനുവേണ്ടിയുള്ള സംവാദപ്രക്രിയകളിൽ ഏർപ്പെടാൻ ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു.

### തീവ്രമായ ഒരഭ്യർത്ഥന

ഇടുങ്ങിയതും വിഭജനപരവുമായ സാംസ്കാരിക ദേശീയതാവാദത്തിൽ നിന്നു വ്യത്യസ്തമാണ് ദേശഭക്തിയെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. കാരണം, അത്തരം ദേശീയതാവാദം ഭരണഘടനാപരമായ ദേശീയബോധത്തിൽ നിന്നു മൗലികമായ വ്യത്യാസമുള്ളതാണ്. വ്യക്തിഗതമായ അടിസ്ഥാനത്തിൽ ഒരു ഭാരതീയപൗരന്റെയും ദേശഭക്തിയെ ചോദ്യം ചെയ്യാൻ ആർക്കും അവകാശമില്ല. യഥാർത്ഥ ദേശഭക്തി നമ്മെ വ്യത്യസ്തതകളിൽ ഐക്യപ്പെടുത്തുന്നു. മുഴുവൻ മനുഷ്യവംശത്തിന്റെയും നന്മയിലേക്ക് പൗരന്മാരുടെ ശ്രദ്ധ തിരിക്കലെന്ന് ദേശഭക്തിയെ നിർവചിക്കാം. വംശങ്ങളെയും ജനതകളെയും ദേശങ്ങളെയും ഒന്നിപ്പിച്ചു ബന്ധിക്കുന്ന വ്യത്യസ്ത ബന്ധങ്ങളാൽ ഏകീകൃതമാക്കപ്പെട്ടതാണത്. "പൊതുനന്മയെ സംബന്ധിച്ച ഉത്തരവാദിത്വത്തെക്കുറിച്ചും അതിനായി ചെയ്യുന്ന സേവനത്തെക്കുറിച്ചും എല്ലാ ക്രൈസ്തവരും ബോധവാന്മാരായിരിക്കണം. ഭൗതിക വസ്തുക്കൾ ക്രമപ്പെടുത്തുന്നതിനെ സംബന്ധിച്ച വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുടെ നിയമാനുസൃതത്വത്തെ അവർ അംഗീകരിക്കണം; തങ്ങളുടെ വീക്ഷണത്തെ സംഘം ചേർന്നുപോലും സത്യസന്ധമായ രീതികൾ ഉപയോഗിച്ച് വാദിച്ചുറപ്പിക്കാൻ ശ്രമിക്കുന്ന പൗരന്മാരെ ആദരിക്കണം" (സഭ ആധുനിക ലോകത്തിൽ, നമ്പർ 75).

ഭൂരിപക്ഷത്തിന്റെ പ്രബല സംസ്കാരമൊഴികെ മറ്റെല്ലാ സംസ്കാരങ്ങളോടും വെറുപ്പു വച്ചുപുലർത്തുകയും അതു പരത്തുകയും ചെയ്യുന്ന അബദ്ധജഡിലമായ ദേശീയതാവാദങ്ങൾക്കു കഠോരകൃത്യങ്ങളെ സ്ഥിരം പരിപാടിയാക്കാൻ കഴിവുണ്ട്. ദേശഭക്തിയും മിഥ്യയായ ദേശീയതാവാദവും തമ്മിലുള്ള സാരാംശപരമായ വ്യത്യാസം വ്യക്തമാക്കുക അത്യാവശ്യമാണ്. ദേശഭക്തിദേശത്തെ പടുത്തുയർത്തുന്നു. അതേസമയം മിഥ്യയായ ദേശീയതാവാദം ദേശത്തിന്റെ സമഗ്രതയും ഐക്യവും സമന്വയത്വവും നശിപ്പിക്കുന്നു. ദേശീയതാവാദം, പ്രത്യേകിച്ച് അതിന്റെ അങ്ങേയറ്റം മൗലികവും അതിതീവ്രവുമായ രൂപങ്ങൾ, അങ്ങനെ യഥാർത്ഥ ദേശഭക്തിയുടെ വിരുദ്ധതയാണ്.

മിഥ്യയായ ദേശീയതാവാദം ഏകാധിപത്യവാദത്തിന്റെ പുത്തൻ രൂപങ്ങൾക്കു ജന്മം കൊടുക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഞങ്ങൾ രാഷ്ട്രാധികാരികളോട് അഭ്യർത്ഥിക്കുന്നു. ഭാരതീയ പൗരത്വം നിശ്ചയിക്കുന്നതിന് മതം മാനദണ്ഡമായിരിക്കരുതെന്ന് ഭരണഘടന രൂപപ്പെടുത്തിയവരോടൊപ്പം ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാരായ ഞങ്ങൾ ഉറപ്പിച്ചു പറയുന്നു. രാജ്യത്ത്, പ്രത്യേകിച്ച് മതന്യൂനപക്ഷങ്ങളുടെയിടയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഭയത്തിന്റെയും ഉത്കണ്ഠകളുടെയും അനിശ്ചിതത്വത്തിന്റെയും വികാരത്തെ തുടച്ചുമാറ്റാൻ ആത്മാർത്ഥവും കാര്യക്ഷമവുമായ മാർഗങ്ങളോടെ അധികാരികൾ മുമ്പോട്ടുവരണം.

അഭിപ്രായവ്യത്യാസം ദേശഭക്തിവിരുദ്ധതയായി തെറ്റിദ്ധരിക്കരുതെന്നു പറയേണ്ടതില്ലല്ലോ. ജനാധിപത്യം ഏകപക്ഷീയ ഭാഷണത്തിന്മേൽ പടുത്തുയർത്താൻ സാധ്യമല്ല. ഒരു പൊതുമേശയ്ക്കു ചുറ്റും, സംഭാഷണത്തിന്റെയും പ്രത്യാശകൾ പങ്കുവയ്ക്കലിന്റെയും സ്ഥലത്ത്, ഇരിക്കേണ്ട ശരിയായ സമയമാണിതെന്ന് രാഷ്ട്രാധികാരികളെ ഞങ്ങൾ ഓർമ്മിപ്പിക്കുന്നു. നമ്മുടെ പ്രിയപ്പെട്ട രാജ്യത്ത് സാംസ്കാരികമായ ഒറ്റപ്പെടൽ സൃഷ്ടിക്കാനുള്ള പരിശ്രമങ്ങൾക്കെതിരേ, പ്രത്യക്ഷത്തിൽ തടസ്സമോ മതിലോ ആയിട്ടുള്ള ഘടകങ്ങളെ ബന്ധത്തിന്റെ പാലമാക്കി മാറ്റാൻ സംവാദത്തിനാകും. "തനിമയും സംവാദവും ശത്രുക്കളല്ല. നമ്മെപ്പോലെയല്ലാത്തവരുമായുള്ള സംവാദത്തിന്റെ ഫലമായി നമ്മുടെ സാംസ്കാരിക തനിമ ശക്തമാക്കപ്പെടുകയും സമ്പന്നമാക്കപ്പെടുകയും ചെയ്യും. നമ്മുടെ യഥാർത്ഥമായ തനിമ പൊള്ളയായ ഒറ്റപ്പെടൽ വഴി സംരക്ഷിക്കപ്പെടുകയുമില്ല" (ഫ്രാൻസിസ് പാപ്പാ, ക്വേരിദ ആമസോണിയ, ന. 37).

**ഉപസംഹാരം**

സംവാദം യഥാർത്ഥത്തിൽ സത്യത്തിലേക്കും പരസ്നേഹത്തിലേക്കുമുള്ള പാതയാണ്. ഓരോ കുടുംബത്തിലും സഭയുടെ എല്ലാ തലങ്ങളിലും ക്രൈസ്തവരുടെയിടയിലും മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഇടയിലും രാഷ്ട്രങ്ങളുടെയിടയിലും

സംവാദം വളരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. അങ്ങനെ അനുരഞ്ജനത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയുമായ ദൈവരാജ്യം വരട്ടെ.

നമ്മുടെ രാജ്യത്ത് സംഭവിക്കുന്നതെല്ലാം കണ്ട് ഞങ്ങൾ ആഴത്തിൽ ആകുലതയും കൊടുംവേദനയും അനുഭവിക്കുന്നുണ്ടെങ്കിലും എന്നാലും വിശ്വാസത്താലും നമ്മുടെ സഹപൗരന്മാരിലെല്ലാം ജന്മസിദ്ധമായിട്ടുള്ള നന്മയാലും പ്രചോദിതനായി ഞങ്ങൾ പ്രത്യാശ നിറഞ്ഞവരായിത്തീരുന്നു. നമ്മുടെ രാജ്യത്തിന്റെ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഭൂരിപക്ഷത്തെ ഞങ്ങൾ വിലമതിക്കുന്നു. നമ്മുടെ മഹത്തായ രാഷ്ട്രത്തെ, ഭാരത മാതാവിനെ, പടുത്തുയർത്തുന്ന ജോലിയിൽ തുടർന്നും സഹകരിക്കാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

തന്റെ മാതൃത്വപരമായ മധ്യസ്ഥതയിലൂടെ സംവാദത്തിന്റെ മാതൃകാപരമായ ചൈതന്യത്തെ വെളിപ്പെടുത്തിയ പരിശുദ്ധ കന്യകാമറിയം നമ്മെ ഓരോരുത്തരെയും സത്യത്തിന്റെയും പരസ്നേഹത്തിന്റെയും പാതയിൽ നയിക്കുമാറാകട്ടെ.

# രൂപതക്കച്ചേരി

## C. 26/20 2019-2020 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റിംഗ്

2019-2020 ധനകാര്യ വർഷം അവസാനിച്ചിരിക്കുകയാണല്ലോ. ടി വർഷത്തെ കേന്ദ്രീകൃത ഓഡിറ്റിംഗ് രൂപതാ കേന്ദ്രത്തിൽ മൂന്ന് തിയതികളിലായി ക്രമീകരിച്ചിരിക്കുന്നു.

1. 29-04-2020 - സമയം 9.30 am -3.30 pm (ഈ വർഷം സ്ഥലംമാറ്റമുള്ള ബ. വൈദികരുടെ പള്ളികളിലെ ഓഡിറ്റിംഗ്).
2. 19-05-2020 - സമയം 9.30 am -3.30 pm.
3. 30-06-2020 - സമയം 9.30 am -3.30 pm.

തിരട്ടുകൾ ഇനിയും കൈപ്പറ്റാത്തവർ എത്രയും വേഗം കൈപ്പറ്റുവാൻ ശ്രദ്ധിക്കുമല്ലോ.

*Procurator*

## C. 27/20 നാമഹേതുകത്തിരുനാൾ ആശംസകൾ

ഏപ്രിൽ 24-ാം തിയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

*Bishop*

## C. 28/20 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ | ” |

| | |
|---|---|
| റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ | ” |
| റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി | ” |
| റവ. ഫാ. ജോർജ്ജ് തകടിയേൽ | ” |
| റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ | ” |
| റവ. ഫാ. ജോർജ്ജ് നിരവത്ത് | ” |
| റവ. ഫാ. ജോർജ്ജ് വലിയവീട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് ഇടവഴിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കരിന്തേൽ | ” |
| റവ. ഫാ. ജോർജ്ജ് മുല്ലൂർ | ” |
| റവ. ഫാ. ജോർജ്ജ് നല്ലൂക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (ജൂണിയർ) | ” |
| റവ. ഫാ. ജോർജ്ജ് പെരുമാലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൈതോലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൊച്ചിത്തറ | ” |
| റവ. ഫാ. വർഗീസ് മറ്റത്തിൽ | ” |
| റവ. ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് കീരംച്ചിറയിൽ (MST) | ” |
| റവ. ഫാ. ജോർജ്ജ് കോലത്തുപടവിൽ | ” |
| റവ. ഫാ. ജോർജ്ജ് പള്ളിവാതുക്കൽ | ” |
| റവ. ഫാ. വർക്കി ഉറുമ്പുകുഴിയിൽ (CMF) | ” |
| റവ. ഫാ. മർക്കോസ് ചിറ്റേമാരിയിൽ | ഏപ്രിൽ 25 |

*Bishop*

# ക്രിസ്തുജ്യോതി

**CJ. 25/20 ക്രിസ്തുജ്യോതി വെബ്സൈറ്റ്**

ക്രിസ്തുജ്യോതി വെബ്സൈറ്റിൽ ഓരോ ഇടവകയും, അവര വരുടെ ഡേറ്റാസ് നേരത്തെ തന്നെ എന്റർ ചെയ്യുവാൻ ആരംഭിക്കു മല്ലോ. വരുന്ന അദ്ധ്യായന വർഷം മുതൽ ക്രിസ്തുജ്യോതിയുമായി ബന്ധപ്പെട്ട Documentations എല്ലാം വെബ്സൈറ്റ് വഴിയായിരിക്കും നടത്തുക.

**CJ. 26/20**

ഏപ്രിൽമാസത്തെ ക്രിസ്തുജ്യോതി വാർത്തകൾ വാട്ട്സ് ആപ്പിലൂടെയും, വെബ്സൈറ്റിലൂടെയും അറിയിക്കുന്നതാണ്.

# സോഷ്യൽ സർവ്വീസ്

**SS 18/20 അഞ്ജനം നേത്രദാന പദ്ധതി**

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ മാർച്ച് മാസത്തിൽ ചാക്കോ ചാക്കോ കിഴക്കേപുരയ്ക്കൽ പടമുഖം എന്നയാൾതന്റെ കണ്ണുകൾ ദാനം ചെയ്തു.അദ്ദേഹത്തിന്റെകുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

**SS 19/20 സ്ക്കോളർഷിപ് വിതരണം**

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പൂനയിലുള്ള എസ്.വി.ഡി. ഫാദേഴ്സുമായി സഹകരിച്ച് 2018 വർഷത്തെ പ്രളയ ത്തിൽ നഷ്ടങ്ങൾ സംഭവിച്ച കുടുംബത്തിലെ പ്രൊഫഷണൽ കോ ഴ്സ് പഠിക്കുന്ന 54 കുട്ടികൾക്ക് അവരുടെ പഠനത്തിന് സഹായമായി 15000/- രൂപ വീതം സ്ക്കോളർഷിപ്പ് മാർച്ച് 5, 6, 9, 10 തിയതികളിലായി നൽകി.

## SS 20/20 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 700 കോഴിക്കുഞ്ഞുങ്ങളെ മാർച്ച് മാസത്തിൽ കഞ്ഞിക്കുഴി, ആൽപ്പാറ, രാജമുടി, തങ്കമണി, വാഴവര,ആന്റോപുരം, ഇരട്ടയാർ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

## SS 21/20 കോവിഡ് - 19

ലോകം നേരിടുന്ന മഹാമാരി കൊറോണ എന്ന വൈറസിനെ നേരിടുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി വിവിധ പരിപാടികൾ നടത്തി.

### പരിശീലന പരിപാടി

ഇടുക്കി മെഡിക്കൽ കോളേജും, ജില്ലാ അഡ്മിനിസ്ട്രേഷനും, സൊസൈറ്റിയും സംയുക്തമായി ബോധവൽക്കരണ പരിപാടി മെഡിക്കൽ കോളേജിൽ വച്ച് നടത്തി. ഡോ. നിഷ, ഡോ. ജെനിസ്, ഡോ. റെമിസ് എന്നിവർ ബോധവത്ക്കരണ ക്ലാസ്സുകൾ നയിച്ചു. സൊസൈറ്റി സ്റ്റാഫ് അംഗങ്ങൾ, സൊസൈറ്റിയുടെ കീഴിലുള്ള പാലിയേറ്റീവ് വോളണ്ടിയേഴ്സ് എന്നിവർ പരിപാടിയിൽ സംബന്ധിച്ചു. സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, State Disaster Management Authority Member ശ്രീ. സിജോ തോമസ്, ഇടുക്കി ജില്ല Inter Agency Group കോഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ എന്നിവർ പരിപാടിയ്ക്ക്നേതൃത്വം നൽകി.

### മാസ്ക് നിർമ്മാണം

എച്ച്.ഡി.എസ്സിന്റെ കീഴിൽ തയ്യൽ പരിശീലനം പൂർത്തിയാക്കിയ ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെ സഹായത്തോടെ സൊസൈറ്റി 5000 മാസ്ക്കുകൾ ആരോഗ്യ വകുപ്പിന് സൗജന്യമായിനിർമ്മിച്ചു നല്കുന്ന പരിപാടിയുടെ ഉദ്ഘാടനം ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവ്വഹിച്ചു.

കൂടാതെ സാനിറ്റൈസർ, ഹാൻഡ് വാഷ് എന്നിവയും നിർമ്മിച്ചു നല്കും.

**ബ്രേക്ക് ദ ചെയിൻ പദ്ധതി**

കോവിഡ് 19 ന്റെ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സൊസൈറ്റിപരിപാടി സംഘടിപ്പിച്ചു. പുറത്തുപോയി വരുന്നവർ കൈ കഴുകി വൃത്തിയാക്കിയശേഷം വീട്ടിലോ, ഓഫീസിലോ, വ്യാപാര സ്ഥാപനങ്ങളിലോ, മറ്റ് പൊതു സ്ഥലങ്ങളിലോ പ്രവേശിക്കുക. കുറഞ്ഞത് 20 സെക്കന്റ് സമയം എടുത്ത് ഹാൻഡ് വാഷ് അല്ലെങ്കിൽ സോപ്പ് ഉപയോഗിച്ച് കൈ കഴുകണം.ഈപദ്ധതിയുടെ ഉദ്ഘാടനം ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവ്വഹിച്ചു.

**SS 22/20 ഹരിതാഭം പദ്ധതി**

നബാർഡിന്റെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെയും സഹായത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്നഹരിതാഭം പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനായി മാർച്ച് മാസത്തിൽ മാങ്കുളം യൂണിറ്റിലെ 5 സംഘങ്ങൾക്കായി 5,00,000 രൂപ വായ്പ നൽകി.

## കെ.സി.എസ്.എൽ.

**KCSL 10/20**

**Best Sr. Animator**

Sr. Samlabhya DM, St. Joseph’s HS, Upputhodu

**Best Teacher Animator**

Kochurani Joseph, St. Thomas HSS, Erattayar

## Best School Awards

### HSS വിഭാഗം

I$^{st}$ : St. Thomas HSS, Thankamany
II$^{nd}$ : St. Jerome's HSS, Vellayamkudy
III$^{rd}$ : St. Xavier's HSS, Chemmannar

### HS വിഭാഗം

I$^{st}$ : St. Thomas HSS, Erattayar
II$^{nd}$ : St. Thomas HSS, Thankamany
III$^{rd}$ : Fathima Matha GHS, Koompanpara

### UP വിഭാഗം

I$^{st}$ : St. Jerome's UPS, Vellayamkudy
II$^{nd}$ : St. George's UPS, Venmony
III$^{rd}$ : St. Joseph's UPS, Narakakkanam

### LP വിഭാഗം

I$^{st}$ : St. Mary's LPS, Murikassery
II$^{nd}$ : St. Mary's LPS, Kanjikuzhy
III$^{rd}$ : St. Antony's LPS, Ellakal

# ചെറുപുഷ്പ മിഷൻലീഗ്

### CML 09/20

ലോകമാസകലം ബാധിച്ചുകൊണ്ടിരിക്കുന്ന കൊറോണ വൈറസിൽ നിന്നും രക്ഷ നേടുന്നതിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുവാനും പ്രതിരോധ നിർദ്ദേശങ്ങൾ പാലിക്കുവാനും ശ്രദ്ധിക്കുമല്ലോ.

KCYM

## CML 10/20 വാർഷികറിപ്പോർട്ട്

2019-2020 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് 2020 മെയ് 2-ന് മുമ്പായി എല്ലാ ശാഖകളും മേഖലകളും രൂപതയിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 11/20 രൂപതയിൽ എത്തിക്കേണ്ട മറ്റ് റിപ്പോർട്ടുകൾ/ കുറിപ്പുകൾ

എല്ലാ ദിവസവും ദേവാലയത്തിൽ വന്ന കുട്ടികളുടെ ലിസ്റ്റ് (ഫെബ്രുവരി 29 വരെ),സെയിന്റ്സ് ഡയറി, ലൈബ്രറിഫണ്ട് എന്നിവയുടെ കുറിപ്പുകൾ 2020മെയ് 15-ന് മുമ്പായി രൂപതയിൽ എത്തിക്കേണ്ടതാണ്. പിന്നീട് എത്തിക്കുന്നവ സമ്മാനത്തിനായി പരിഗണിക്കുന്നതല്ല.

## CML 12/20

വേനൽ അവധി ദിവസങ്ങളിൽ കുട്ടികൾക്ക് ക്യാമ്പുകൾ മറ്റ് പരിപാടികൾ ക്രമീകരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ക്യാമ്പ് നടത്തിപ്പിനായി ആവശ്യമെങ്കിൽ രൂപത റിസോഴ്സ് ടീമിനെ ശാഖകളിലേക്ക് അയയ്ക്കുന്നതാണ്.

# കെ.സി.വൈ.എം.

## KCYM 6/20

കൊറോണ വൈറസ് വ്യാപനത്തിനെതിരെ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് സഹകരിച്ചുകൊണ്ട് KCYM-ന്റെ നിലവിലുള്ള പ്രോഗ്രാമുകളെല്ലാം മാറ്റി വച്ചിരിക്കുകയാണല്ലോ. ഈ അവസരത്തിൽ സ്വന്തം വീടുകളിലിരുന്നുകൊണ്ട് നവമാധ്യമങ്ങളിലൂടെ ലഭിക്കുന്ന വി. കുർബാനയിലും, ആരാധനകളിലും, പ്രാർത്ഥനകളിലും പങ്കെടുത്തുകൊണ്ടും കൊറോണ വ്യാപനത്തെ തടയുന്നതിനായി നൽയിരിക്കുന്ന നിർദ്ദേശങ്ങളോട് KCYM സ്വീകരിച്ചിരിക്കുന്ന

നിലപാടുകൾ നവമാധ്യമങ്ങൾ വഴി എല്ലാവരിലേക്കും എത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.



**FA 02/20 ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്**

**<u>വികാരിയച്ചൻമാരുടെ ശ്രദ്ധയ്ക്ക്</u>**

കേരളകത്തോലിക്കാസഭയിൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെ.സി.ബി.സി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി. യിൽ ആരംഭിച്ചിരുന്നല്ലോ. കേരളസഭയിൽ ആദ്യമായിട്ടാണ് സഭാതലത്തിൽ ഇത്തരത്തിലുള്ള ഒരു സംരംഭം. കെ.സി.ബി.സി ഫാമിലി കമ്മീഷനാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ബധിരരും മൂകരും ആയിട്ടുള്ള അകത്തോലിക്കരായ യുവതീയുവാക്കൾക്കും വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതികൾ ക്രമീകരിച്ചിട്ടുള്ളത്.

ഇക്കാര്യം ബഹുമാനപ്പെട്ട വികാരിമാർ ഞായറാഴ്ച കുർബാനമദ്ധ്യേ ആളുകളെ അറിയിക്കണം. ഇനിമുതൽ ഇടവകയിൽ ബധിരരും മൂകരും ആയിട്ടുള്ള യുവതീയുവാക്കൾ വിവാഹിതരാകുന്നതിനു മുമ്പ് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ഓർമ്മിപ്പിക്കണം. കൂടാതെ, ഇവർക്കുവേണ്ടിയുള്ള മാട്രിമോണിയൽ സർവീസിന്റെ പ്രവർത്തനം (KCBC Matrimony for the Deaf) ഭംഗിയായി തുടരുന്നു.

2020-ൽ ബധിരർക്കും മൂകർക്കും വേണ്ടിയുള്ള നാലു വിവാഹ ഒരുക്ക കോഴ്സുകളാണ് ഒരുക്കിയിരിക്കുന്നത്.

**A) പാലാരിവട്ടം പി.ഒ.സി.യിൽ**

1) ഏപ്രിൽ 11, 12

2) ഒക്ടോബർ 24, 25

**B) മലബാർ മേഖല**

3) ഫെബ്രുവരി 15, 16

സ്ഥലം: നവജ്യോതിസ് പാസ്റ്ററൽ സെന്റർ, കോഴിക്കോട്

**C) കൊല്ലം- തിരുവനന്തപുരം മേഖല**

4) ജൂലൈ 25, 26

സ്ഥലം: ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്റർ

**ബന്ധപ്പെടേണ്ട വിലാസം** : സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ, പിഒസി, പാലാരിവട്ടം,കൊച്ചി- 682025,

ഫോൺ:9995028229, 9495812190

**Email:kcbcfamilycommission@gmail.com,**

**Website: www.kcbcfamilycommmission.org**

## മാതൃവേദി

### MV 07/20 അവാർഡുകൾ ക്ഷണിക്കുന്നു

* 2019-2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട് / അപേക്ഷ - അതാത് യൂണിറ്റുകൾ തയ്യാറാക്കി നൽകേണ്ടതാണ്.
* 2019 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെയുള്ള പ്രവർത്തനങ്ങൾ, ബയോഡാറ്റ, ലഭിച്ച അവാർഡുകൾ, ആദരവുകൾ ....... എന്നിവ സഹിതം യൂണിറ്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് / അപേക്ഷ 2020 ഏപ്രിൽ 15 ന് മുൻപ് മാതൃവേദി ഓഫീസിൽ എത്തിക്കേണ്ടതാണ്.
* **ബെസ്റ്റ് യൂണിറ്റ് അവാർഡ്,** - 2019-2020 വർഷത്തെ യൂണിറ്റ് പ്രവർത്തനങ്ങൾ, രൂപത- മേഖല പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം, യൂണിറ്റുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ, നേട്ടങ്ങൾ എന്നിവ ഉൾപ്പെടുന്നു.

* **അമ്മമനസ്സ് –** നമ്മുടെ രൂപതയിലെ മികച്ച മാതൃവേദി പ്രവർത്തനത്തിന് – കുടുംബം, ഇടവക, സംഘടന, ആത്മീയ കാര്യങ്ങൾ എന്നിവ അടങ്ങുന്ന അപേക്ഷ
* **കർമ്മശ്രേഷ്ഠ –** ഏറ്റവും മികച്ച സാമൂഹ്യ, ക്ഷേമ, നവോത്ഥാന പ്രവർത്തകയായ മാതൃവേദി അംഗത്തിന്
* **ഗുരുശ്രേഷ്ഠ –** മാതൃവേദി അംഗങ്ങളിൽ ഏറ്റവും മികച്ച അദ്ധ്യാപികയ്ക്ക്.
* കഴിഞ്ഞ വർഷം ട്രോഫികൾ കരസ്ഥമാക്കിയ യൂണിറ്റുകൾ ഏപ്രിൽ 15ന് മുൻപ് മാതൃവേദി ഓഫീസിൽ തിരികെ ഏല്പിക്കേണ്ടതാണ്.
* യൂണിറ്റിൽ നിന്നും ബൈബിൾ കൈയ്യെഴുത്തു മത്സരത്തിൽ പങ്കെടുത്ത കുടുംബങ്ങളുടെ (ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും എഴുതി എങ്കിൽ) ലിസ്റ്റ് ഉടനെ തന്നു സഹകരിക്കുമല്ലോ. Mob: 9744612625
* ബൈബിൾ കൈയ്യെഴുത്തു മത്സരത്തിന്റെ രജിസ്ട്രേഷൻ ഫീസ് ഇനിയും തരാനുള്ളവർ എത്രയും വേഗം നൽകി സഹകരിക്കണം.
* ബൈബിൾ കൈയ്യെഴുത്ത് അനുഭവ സാക്ഷ്യങ്ങൾ നൽകാനാഗ്രഹിക്കുന്നവർ എത്രയും വേഗം കൃത്യമായ അഡ്രസ്സോടുകൂടി ഏപ്രിൽ 15 ന് മുമ്പായി മാതൃവേദി ഓഫീസിൽ എത്തിക്കേണ്ടതാണ്.

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

### പുരോഹിതൻ: കൂട്ടായ്മ പരിപോഷിപ്പിക്കുന്നവൻ
### (തിരുവചനഭാഗം: ശ്ലീഹ 27,1-44)

സീസറിന്റെ മുമ്പിൽ വിചാരണ ആവശ്യപ്പെട്ടതുകൊണ്ട് പൗലോസിനെ റോമിലേക്ക് അയയ്ക്കാൻ ഭരണാധികാരികൾ തീരു

മാനമെടുത്തു. അതിനനുസൃതമായി സഹതടവുകാരോടുകൂടിയുള്ള റോമായിലേക്കുള്ള പൗലോസ്ശ്ലീഹായുടെ യാത്രാവിവരണമാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. പൗലോസിനെയും സഹതട വുകാരെയും റോമായിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏല്പിച്ചത് ശതാധിപനായ ജൂലിയൂസിനെയാണ്. ജൂലിയൂസിന്റെ നേതൃത്വത്തിൽ നടത്തുന്ന കപ്പൽയാത്രയുടെ വിവരണമായ ഈ അദ്ധ്യായം ഇപ്രകാരം തിരിക്കാം:

1. ക്രേത്തേയിലേക്കു യാത്ര (27,1-8)
2. മുന്നറിയിപ്പിനെ അവഗണിച്ചു യാത്ര തുടരുന്നു (27,9-12)
3. പൗലോസിന്റെ ദർശനവും ധൈര്യപ്പെടുത്തലും (27,13-26)
4. പൗലോസിന്റെ നേതൃത്വത്തിൽ കപ്പൽയാത്രക്കാർ ഭക്ഷണം കഴിക്കുന്നു (27,27-38)
5. കപ്പൽ നശിക്കുന്നു; യാത്രക്കാർ രക്ഷപെടുന്നു (27,39-44)

ഈ വിവരണത്തിൽ കാണുന്ന പൗലോസിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പൗരോഹിത്യ ആദ്ധ്യാത്മികതയ്ക്ക് ഉതകുന്ന ചിന്തകൾ നമുക്കു ലഭിക്കുന്നുണ്ട്.

**1. പുരോഹിതൻ: നല്ല ബന്ധങ്ങൾ പുലർത്തുന്നവൻ**

"*ഞങ്ങൾ അദ്രാമീത്തിയാത്തിൽ നിന്നുള്ള ഒരു കപ്പലിൽ കയറി. അത് ഏഷ്യയുടെ തീരത്തുള്ള തുറമുഖങ്ങളിലേക്കു പോകുന്നതായിരുന്നു. ഞങ്ങൾ യാത്ര പുറപ്പെട്ടപ്പോൾ തെസലോനിക്കാ നഗരവാസിയും മക്കെദോനിയാക്കാരനുമായ അരിസ്താർക്കൂസും ഞങ്ങളോടുകൂടെ ഉണ്ടായിരുന്നു. പിറ്റേദിവസം ഞങ്ങൾ സീദോനിലിറങ്ങി. ജൂലിയൂസ് പൗലോസിനോട് ദയാപൂർവ്വം പെരുമാറുകയും സ്നേഹിതരുടെ അടുക്കൽ പോകുന്നതിനും അവരുടെ ആതിഥ്യം സ്വീകരിക്കുന്നതിനും അവനെ അനുവദിക്കുകയും ചെയ്തു*" (27,2-3).

യാത്രയിൽ പൗലോസിനോടൊപ്പം അരിസ്താർക്കൂസും ലൂക്കായും ഉണ്ടായിരുന്നതായി വിവരണത്തിൽ കാണുന്നു. അരിസ്താർക്കൂസ് തെസലോനിക്കാ നഗരവാസിയും മക്കെദോനിയാക്കാ

രനുമായിരുന്നു. അദ്ദേഹത്തെ സഹതടവുകാരനെന്ന് പൗലോസ് വിശേഷിപ്പിക്കുന്നുണ്ട്: "എന്റെ കൂട്ടുതടവുകാരനായ അരിസ്താർക്കൂസ് നിങ്ങളെ അഭിവാദനം ചെയ്യുന്നു" (കൊളോ 4,10). എഫേസോസിൽ പൗലോസിനെതിരായി വെള്ളിപ്പണിക്കാരുടെ ലഹളയുണ്ടായ സന്ദർഭത്തിൽ അദ്ദേഹം വലിച്ചിഴയ്ക്കപ്പെട്ടതായി നടപടിഗ്രന്ഥം രേഖപ്പെടുത്തുന്നുണ്ട് (ശ്ലീഹ 19,29). പൗലോസിന്റെ സുവിശേഷപ്രഘോഷണത്തിൽ അരിസ്താർക്കൂസ് സഹപ്രവർത്തകനായിരുന്നു എന്നു സൂചിപ്പിക്കുന്നു. തന്റെ സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസികളായിത്തീർന്ന ഗ്രീസിലേയും മക്കദോനിയായിലെയും ആളുകളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്താൻപോയ സന്ദർഭത്തിലും പൗലോസിനോടൊപ്പം അരിസ്താർക്കൂസ് ഉണ്ടായിരുന്നു (ശ്ലീഹ 20,1-4). ലൂക്കാ സുവിശേഷകനും പൗലോസിനോടൊപ്പം ഉണ്ടായിരുന്നു എന്ന വസ്തുത ഇവിടുത്തെ "ഞങ്ങൾ" എന്ന പ്രയോഗം വ്യക്തമാക്കുന്നു.

പൗലോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണം ഒറ്റപ്പെട്ട ഒന്നായിരുന്നില്ല. തന്റെ സഹപ്രവർത്തകരുമായി നിരന്തരം കൂട്ടായ്മ പുലർത്തുന്ന ഒരു ശൈലിയാണ് പൗലോസിനുണ്ടായിരുന്നത്. നടപടിഗ്രന്ഥത്തിലെ 'ഞങ്ങൾ' എന്നു തുടങ്ങുന്ന വിവരണങ്ങൾ പൗലോസിനോടൊപ്പമുള്ള ലൂക്കായുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നതാണല്ലോ. പൗലോസിന്റെ മിശിഹാനുഭവമാണല്ലോ ലൂക്കായുടെ സുവിശേഷത്തിൽ പ്രതിഫലിക്കുന്നതും. അതുപോലെതന്നെ പൗലോസ് സീദോനിലിറങ്ങി സ്നേഹിതരുടെ അടുക്കൽപോയി അവരുടെ ആതിഥ്യം സ്വീകരിച്ചതായി പറയുന്നുണ്ട്. പൗലോസ് തന്റെ സുവിശേഷപ്രഘോഷണത്തിൽ സഹപ്രവർത്തകരോടും വിശ്വാസികളോടും നല്ല ബന്ധങ്ങൾ നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തുവെന്ന് ഇതു വ്യക്തമാക്കുന്നു. അതുകൊണ്ട് പുരോഹിതൻ സുവിശേഷപ്രഘോഷണവും അജപാലനശുശ്രൂഷയും നിർവഹിക്കേണ്ടത് ഒറ്റപ്പെട്ടാവരുത്; തന്റെ സഹപ്രവർത്തകരായ പുരോഹിതരോടുള്ള കൂട്ടായ്മ നിലനിർത്തിക്കൊണ്ടും വിശ്വാസികളോടുള്ള നല്ല ബന്ധങ്ങൾ കെട്ടിപ്പടുത്തുകൊണ്ടും ആയിരിക്കണം.

ഈശോയുടെ അന്ത്യപ്രാർത്ഥനയിൽ തനിക്കു പിതാവു നല്കിയ ശിഷ്യന്മാരുടെ ഐക്യത്തിനായി അവിടുന്ന് പ്രത്യേകം പ്രാർത്ഥിക്കുന്നു (യോഹ 17,9-19). പുരോഹിതകൂട്ടായ്മ എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നിതു സൂചിപ്പിക്കുന്നുണ്ട്. അജപാലനശുശ്രൂഷയുടെ ഐക്യത്തിനും തുടർച്ചയ്ക്കും ഫലദായകത്വത്തിനും പൗരോഹിത്യകൂട്ടായ്മ അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് പുരോഹിതൻ പൗരോഹിത്യകൂട്ടായ്മ പരിപോഷിപ്പിക്കുന്നവനും വിശ്വാസികളുമായി നല്ല ബന്ധം പുലർത്തുന്നവനുമായിരിക്കണം.

**2. പുരോഹിതൻ: വിശ്വാസത്താൽ നയിക്കപ്പെടുന്നവൻ**

"*സമയം വളരെയേറെ നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. ഉപവാസകാലം അവസാനിക്കുകയും ചെയ്തു. അപ്പോൾ യാത്ര ചെയ്യുക അപകടപൂർണ്ണവുമായിരുന്നു. അതിനാൽ, പൗലോസ് അവരോട് ഇങ്ങനെ ഉപദേശിച്ചു: മാന്യരേ, നമ്മുടെ ഈ കപ്പൽയാത്ര കപ്പലിനും ചരക്കിനുംമാത്രമല്ല നമ്മുടെ ജീവനുതന്നെയും നഷ്ടവും അപകടവും വരുത്തുമെന്ന് ഞാൻ കാണുന്നു. എന്നാൽ, ശതാധിപൻ പൗലോസിന്റെ വാക്കുകളെയല്ല, കപ്പിത്താനെയും കപ്പലുടമയെയുമാണ് അനുസരിച്ചത്*" (27,9-11).

ശതാധിപന്റെ നിർദ്ദേശപ്രകാരം ഇറ്റലിയിലേക്കു പോകുന്ന ഒരു അലക്സാൺഡ്രിയൻ കപ്പലിൽ കയറി എല്ലാവരും യാത്ര തുടർന്നു. മുന്നോട്ടുപോകാൻ കാറ്റ് അനുവദിക്കാത്ത സാഹചര്യം വന്നപ്പോൾ പൗലോസ് യാത്ര അപകടകരമാണെന്ന് മുന്നറിയിപ്പു നല്കിയെങ്കിലും ശതാധിപൻ പൗലോസിന്റെ വാക്കുകളെ കണക്കിലെടുക്കാതെ കപ്പിത്താന്റെയും കപ്പലുടമയുടെയും അഭിപ്രായമനുസരിച്ച് കപ്പൽയാത്ര തുടർന്നു. പൗലോസിന് കപ്പൽയാത്രയെക്കുറിച്ചും കപ്പലപകടസാദ്ധ്യതയെക്കുറിച്ചും പരിചയസമ്പത്തുള്ള ആളായിരുന്നു. തന്റെ പ്രേഷിതയാത്രകളെക്കുറിച്ച് എഴുതുന്ന സന്ദർഭത്തിൽ മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപെട്ടതായി പൗലോസ് പറയുന്നുണ്ട്. മാത്രമല്ല, കടലിൽവച്ച് പല പ്രാവശ്യം അപകടങ്ങളിൽപെട്ടതായും പറയുന്നുണ്ട്: "... മൂന്നു പ്രാവശ്യം കപ്പലപകടത്തിൽപെട്ടു.

ഒരു രാത്രിയും ഒരു പകലും കടലിൽ ഒഴുകിനടന്നു. തുടരെത്തുടരെയുള്ള യാത്രകൾക്കിടയിൽ, നദികളിൽവച്ചും ... കടലിൽവച്ചും അപകടങ്ങളിൽ അകപ്പെട്ടു" (2 കൊറി 11,25-26). എന്നാൽ പൗലോസിന്റെ ഉപദേശത്തെ അവഗണിച്ച് കപ്പൽയാത്ര തുടർന്നപ്പോൾ വലിയൊരു കൊടുങ്കാറ്റിൽപെട്ട് കപ്പൽ ആടിയുലഞ്ഞു. കപ്പലപകടത്തെപ്പറ്റിയുള്ള ഭീതിമൂലവും, രക്ഷപെടാനുള്ള അവരുടെ പരിശ്രമങ്ങൾ ഫലപ്രദമല്ലാതെവന്ന സാഹചര്യത്തിലും രക്ഷപെടാമെന്ന ആശ തന്നെ കൈവെടിഞ്ഞ് യാത്രക്കാർ നിരാശരാവുകയും ഭക്ഷണം പോലും കഴിക്കാൻ പറ്റാത്ത അവസ്ഥയിലുമായി.

വിശ്വാസജീവിതം ഒരു യാത്രയാണ്. ഈലോകമാകുന്ന കടലിലൂടെ സ്വർഗ്ഗീയതുറമുഖത്തേക്കുള്ള കപ്പൽയാത്രയോട് അതിനെ ഉപമിക്കാം. അതിന്റെ സൂചനകൾ സുവിശേഷങ്ങളിൽത്തന്നെ കാണാൻ കഴിയും. വി. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായത്തിൽ കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന അത്ഭുതവിവരണം നാം വായിക്കുന്നുണ്ട്. ആ അത്ഭുതവിവരണം ഇപ്രകാരമാണ്: "ഈശോ തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു. കടലിൽ ഉഗ്രമായ കൊടുങ്കാറ്റ് ഉണ്ടായി. തോണി മുങ്ങത്തക്കവിധം തിരമാലകൾ ഉയർന്നു. അവൻ ഉറങ്ങുകയായിരുന്നു. ശിഷ്യന്മാർ അടുത്തുചെന്ന് അവനെ ഉണർത്തി അപേക്ഷിച്ചു: കർത്താവേ, രക്ഷിക്കണമേ. ഞങ്ങളിതാ നശിക്കുന്നു. അവൻ പറഞ്ഞു: അല്പവിശ്വാസികളെ നിങ്ങളെന്തിനു ഭയപ്പെടുന്നു. അവൻ എഴുന്നേറ്റ് കാറ്റിനെയും കടലിനെയും ശാസിച്ചു. വലിയ ശാന്തയുണ്ടായി" (മത്താ 8,23-26). ഈ അത്ഭുതവിവരണം ആരംഭിക്കുന്ന വാചകം വളരെ സൂചനാത്മകമാണ്: 'ഈശോ തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു". സഭ ഈശോയെ അനുഗമിക്കുന്ന ശിഷ്യരുടെ സമൂഹമാണ്. സഭയിൽ ഈശോയുടെ സാന്നിദ്ധ്യമുണ്ട്. ഈലോകയാത്രയിൽ സഭാസമൂഹത്തിനും സഭാംഗങ്ങൾക്കും വിശ്വാസജീവിതത്തിൽ പ്രതിസന്ധികളുണ്ടാവാം. ആ സാഹചര്യങ്ങളിൽ ഈശോയുടെ സാന്നിദ്ധ്യത്തിൽ വിശ്വസിച്ചുകൊണ്ടുവേണം അത് തരണം ചെയ്യുവാൻ. 'അല്പവിശ്വാസികളേ' എന്ന സംബോധന

വിശ്വാസത്തിന്റെ അഭാവത്തെ പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകുമ്പോൾ സഭയിൽ ജീവിക്കുന്ന ഈശോയുടെ സാന്നിദ്ധ്യത്തിൽ വിശ്വസിക്കുകയും ആ സാന്നിദ്ധ്യത്തെ ഉണർത്തി ഈശോയുടെ അരൂപിയാൽ നയിക്കപ്പെട്ട് അവയെ നേരിടുകയും ചെയ്യാൻ നമുക്കു കഴിയണം. അതിനു സഹായകരമാകത്തക്കവിധത്തിൽ യുക്തിയെക്കാളുപരി വിശ്വാസത്താൽ നയിക്കപ്പെട്ടും പ്രാർത്ഥനയുടെയും ആദ്ധ്യാത്മികനിയന്ത്രണത്തിന്റെയും സഹായത്തോടുകൂടി ജീവിക്കുവാൻ പുരോഹിതനു കഴിയണം.

**3. പുരോഹിതൻ: സഭയോടു പ്രതിബദ്ധതയുള്ളവൻ**

*"ഇപ്പോൾ ധൈര്യമായിരിക്കണമെന്ന് നിങ്ങളോടു ഞാൻ ഉപദേശിക്കുന്നു. കപ്പൽ തകർന്നുപോകുമെന്നല്ലാതെ നിങ്ങൾക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല. എന്തെന്നാൽ, ഞാൻ ആരാധിക്കുന്നവനും എന്റെ ഉടയവനുമായ ദൈവത്തിന്റെ ഒരു ദൂതൻ ഇക്കഴിഞ്ഞ രാത്രി എനിക്കു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: പൗലോസ്, നീ ഭയപ്പെടേണ്ട, സീസറിന്റെ മുമ്പിൽ നീ നില്ക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നരെയും ദൈവം നിനക്കു വിട്ടു തന്നിരിക്കുന്നു. അതിനാൽ, ജനങ്ങളേ, നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കും എന്ന് എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു"* (27,22-25).

വലിയ കൊടുങ്കാറ്റിൽപെട്ട് ആടിയുലഞ്ഞപ്പോൾ കപ്പൽയാത്രക്കാർ ചരക്കുകളും കപ്പൽപായ്കളും കടലിൽ വലിച്ചെറിഞ്ഞ് യാത്ര സുരക്ഷിതമാക്കാൻ ശ്രമിച്ചു. മാത്രമല്ല, സൂര്യനോ നക്ഷത്രങ്ങളോ പ്രത്യക്ഷപ്പെടാതെ ദിവസങ്ങളായി അന്ധകാരത്തിൽ ആശയറ്റു നീങ്ങിയ കപ്പൽയാത്രക്കാരെ പൗലോസ്ശ്ലീഹാ ധൈര്യമായിരിക്കണമെന്ന് ഉപദേശിക്കുകയും കപ്പൽ തകർന്നുപോയാലും അവർക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല എന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. ഇപ്രകാരം അവരെ ധൈര്യപ്പെടുത്തുവാൻ പൗലോസിനു കഴിഞ്ഞത് പൗലോസിനുണ്ടായ ഒരു ദൈവാനുഭവ

ത്തിന്റെ ഫലമായിട്ടാണ്: "ദൈവത്തിന്റെ ദൂതൻ പൗലോസിനു പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: "പൗലോസ് നീ ഭയപ്പെടേണ്ട. സീസറിന്റെ മുമ്പിൽ നീ നില്ക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നവരെയും ദൈവം നിനക്കു വിട്ടുതന്നിരിക്കുന്നു" (ശ്ലീഹ 27,23 -24). തന്റെ ഈ ദൈവാനുഭവം അവരുമായി പങ്കുവച്ചുകൊണ്ടാണ് പൗലോസ് അവരെ ധൈര്യപ്പെടുത്തിയത്. "അതിനാൽ ജനങ്ങളേ നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കും എന്ന് എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു" (ശ്ലീഹ 27,25) എന്നും പൗലോസ് കൂട്ടിച്ചേർക്കുന്നുണ്ട്. അതോടൊപ്പം നാവികർ കപ്പലിൽനിന്നു രക്ഷപെടാൻ ആലോചിച്ചപ്പോൾ പൗലോസ് ശതാധിപനോടും ഭടന്മാരോടുമായി പറഞ്ഞു: "ഈയാളുകൾ കപ്പലിൽത്തന്നെ നിന്നില്ലെങ്കിൽ ആർക്കും രക്ഷപെടാൻ സാധിക്കുകയില്ല" (ശ്ലീഹ 27,31). സഭാകൂട്ടായ്മയെവിട്ട് ഒരു വിശ്വാസമോ ജീവിതമോ ഉണ്ടാവരുത് എന്നതിന്റെ ഒരു സൂചനയാണിത്. പൗലോസിന്റെ സഭാത്മകമായ വിശ്വാസജീവിതത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും വ്യക്തമായ ഒരു ചിത്രമാണ് നാമിവിടെ കാണുന്നത്.

മറ്റു ശ്ലീഹന്മാരൊക്കെ ചരിത്രത്തിൽ ജീവിച്ചിരുന്ന ഈശോയെ കണ്ടവരും കേട്ടവരും അനുഭവിച്ചവരുമായിരുന്നെങ്കിൽ, പൗലോസ്ശ്ലീഹാ സഭയിൽ ജീവിക്കുന്ന ഈശോയെയാണ് കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതും (ശ്ലീഹ 9,1-9). ആ ഈശോയിൽനിന്നാണ് താൻ റോമായിലെത്തുമെന്നും തന്നോടൊപ്പമുള്ളവരെയും ദൈവം രക്ഷിക്കുമെന്നുമുള്ള ഉറപ്പു ലഭിച്ചത്. പൗലോസിന്റെ വിശ്വാസവും പ്രാർത്ഥനയുമെല്ലാം സഭാത്മകമായിരുന്നു എന്നതിന്റെ അടയാളമാണിത്. പുരോഹിതൻ സഭയുടെ മനുഷ്യനാണ്. സഭാശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ പുരോഹിതൻ അഭിഷേകം ചെയ്യപ്പെടുന്നത്. ശുശ്രൂഷാപൗരോഹിത്യം എന്ന പേരുതന്നെ അതാണു സൂചിപ്പിക്കുന്നത്. അതുകൊണ്ട് പുരോഹിതൻ സഭയുടെ വിശ്വാസവും പ്രാർത്ഥനയും സ്വാംശീകരിക്കുന്നവനാകണം. സഭയോടൊത്തു ചിന്തിക്കുവാനും സഭയോടൊത്തു പ്രാർത്ഥിക്കുവാനും പുരോഹി

തൻ പ്രത്യേകം ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**4. പുരോഹിതൻ: ജീവന്റെ അപ്പം പോഷണമാക്കുന്നവൻ**

"*ഇതു പറഞ്ഞിട്ട്, അവൻ എല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് മുറിച്ച് ഭക്ഷിക്കാൻ തുടങ്ങി. അവർക്കെല്ലാം ഉന്മേഷമുണ്ടായി. അവരും ഭക്ഷണംകഴിച്ചു*" (27,35-36).

പതിനാലുദിവസമായി ഭക്ഷണം കഴിക്കാതിരുന്ന കപ്പൽയാത്രക്കാരോട് ഭക്ഷണം കഴിക്കാനും ഉത്ക്കണ്ഠാകുലരാകാതിരിക്കാനും പൗലോസ് ഉപദേശിക്കുന്നു: "പ്രഭാതമാകാറായപ്പോൾ ഭക്ഷണംകഴിക്കാൻ പൗലോസ് എല്ലാവരെയും പ്രേരിപ്പിച്ചു. അവൻ പറഞ്ഞു: നിങ്ങൾ ഉത്ക്കണ്ഠാകുലരായി ഒന്നും ഭക്ഷിക്കാതെ കഴിയാൻ തുടങ്ങിയിട്ട് പതിനാലു ദിവസമായല്ലോ. അതിനാൽ വല്ലതും ഭക്ഷിക്കാൻ നിങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു. അതു നിങ്ങൾക്കു ശക്തി പകരും. നിങ്ങളിലാരുടെയും ഒരു തലമുടിപോലും നശിക്കുകയില്ല" (ശ്ലീഹ 27,33-34). അപ്രകാരം അവരെ ധൈര്യപ്പെടുത്തിയതിനുശേഷം, "അവരെല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് മുറിച്ചു ഭക്ഷിക്കാൻ തുടങ്ങി" (ശ്ലീഹ 27,35). ഈ വിവരണം പരിശുദ്ധ കുർബാനയിലെ അന്തിമഭോജനാനുസ്മരണകർമ്മം നമ്മെ അനുസ്മരിപ്പിക്കുന്നു. സഭയിലെ കുർബാനയർപ്പണത്തിന്റെ ഓർമ്മയും അത് നമ്മിൽ ഉണർത്തുന്നു. തീർച്ചയായും പൗലോസ്ശ്ലീഹാ കുർബാനയാകുന്ന അപ്പം മുറിക്കൽശുശ്രൂഷ ഇവിടെ നടത്തി എന്നു വിചാരിക്കാൻ ന്യായമില്ല. പക്ഷേ അതേത്തുടർന്ന് കപ്പലിലുണ്ടായിരുന്നവർക്കെല്ലാം ഉന്മേഷമുണ്ടായി. അവരും ഭക്ഷണം കഴിച്ചു (ശ്ലീഹ 27,36).

ഇതെല്ലാം സൂചിപ്പിക്കുന്നത് ജീവന്റെ അപ്പം എന്ന് യോഹന്നാൻ സുവിശേഷകൻ വിശേഷിപ്പിക്കുന്ന കുർബാനയർപ്പണത്തിന് മനുഷ്യജീവിതത്തിലുള്ള പ്രാധാന്യമാണ്. പരിശുദ്ധ കുർബാനയെ ഈശോ വിശേഷിപ്പിക്കുന്നത് 'ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ

നല്കുന്ന അപ്പം എന്റെ ശരീരമാണ്' (യോഹ 6,51) എന്നാണ്. ഈശോയുടെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധ കുർബാന മനുഷ്യകുലത്തിനു മുഴുവനും ജീവൻ പ്രദാനം ചെയ്യുന്ന ഭക്ഷണമാണ് എന്ന യാഥാർത്ഥ്യത്തെ ഓർമ്മിപ്പിക്കുന്ന വിധത്തിലാണ് പൗലോസ്ശ്ലീഹാ ഇവിടെ ഭക്ഷണം കഴിക്കുന്നതും കൂടെയുള്ളവരെ ഭക്ഷിക്കാൻ പ്രേരിപ്പിക്കുന്നതും. പലപ്പോഴും സ്വാഭാവികഭക്ഷണത്തോടനുബന്ധിച്ചാണ് ജീവന്റെ അപ്പമായ ഉത്ഥിതനായ മിശിഹാ സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്: "അവർ പതിനൊന്നു പേർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷപ്പെട്ടു" (മർക്കോ 16,14). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഉത്ഥിതനായ മിശിഹാ ശിഷ്യർക്കു പ്രത്യക്ഷപ്പെടുകയും അവരെ ശിഷ്യത്വത്തിൽ പുനരുത്ഥരിക്കുകയും ചെയ്ത സന്ദർഭത്തിൽ അവർക്കായി അവിടുന്ന് പ്രാതലൊരുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 21,12-14). ഭക്ഷണമാണല്ലോ മനുഷ്യജീവൻ നിലനിർത്തുന്നതും വളർത്തുന്നതും. സഭ മനുഷ്യകുലത്തിന്റെ കൂദാശയാണല്ലോ. അതിനാൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ കേന്ദ്രീകരിച്ച് കൂട്ടായ്മയായി പടുത്തുയർത്തപ്പെടേണ്ട സഭാസമൂഹം മനുഷ്യകുലത്തിന്റെ ജീവന് നിർണ്ണായകമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ ആദ്യഭാഗം വചനശുശ്രൂഷയെയും രണ്ടാം ഭാഗം കൂദാശാശുശ്രൂഷയെയും സൂചിപ്പിക്കുന്നു (യോഹ 6,35-59). കുർബാനയിലെ വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും തനിക്കും സഭാംഗങ്ങൾക്കും ജീവൻ പ്രദാനം ചെയ്യുന്ന ആത്മീയപോഷണമായിതീരത്തക്കവിധം സജീവമായി അർപ്പിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**5. പുരോഹിതൻ: വിശുദ്ധിയിൽ വളരുന്നവനും വളർത്തുന്നവനും**

*"തടവുകാർ നീന്തി രക്ഷപെടാതിരിക്കാൻ അവരെ കൊന്നുകളയാനായിരുന്നു ഭടന്മാരുടെ തീരുമാനം. പൗലോസിനെ രക്ഷിക്കണമെന്നാഗ്രഹിച്ച ശതാധിപൻ ആ ഉദ്യമത്തിൽനിന്ന് അവരെ തടഞ്ഞു. നീന്തൽ വശമുള്ളവരെല്ലാം ആദ്യം കപ്പലിൽനിന്ന് ചാടിയും*

*മറ്റുള്ളവർ പലകകളിലോ കപ്പലിന്റെ കഷണങ്ങളിലോ പിടിച്ചും നീന്തി കരപറ്റാൻ അവൻ ആജ്ഞാപിച്ചു. അങ്ങനെ എല്ലാവരും സുരക്ഷിതരായി കരയിലെത്തി"* (27,42-44).

തടവുകാരെ കൊന്നുകളയുവാൻ ഭടന്മാർ തീരുമാനിച്ചപ്പോൾ പൗലോസിനെ രക്ഷിക്കണമെന്ന് ആഗ്രഹിച്ച ശതാധിപൻ എല്ലാവരും ഏതെങ്കിലുംവിധത്തിൽ രക്ഷപെടാൻ ആജ്ഞാപിച്ചു. അങ്ങനെ എല്ലാവരും സുരക്ഷിതരായി കരയിലെത്തി. കപ്പൽ നശിക്കുകയും കപ്പൽയാത്രക്കാർ രക്ഷപെടുകയും ചെയ്തു. മനുഷ്യജീവിതവും ക്രിസ്തീയജീവിതവും സഭാജീവിതവുമെല്ലാം സ്വർഗ്ഗോന്മുഖമായ യാത്രയാണല്ലോ. ഇഹലോകജീവിതമാകുന്ന കപ്പൽ നശിച്ചുപോകും. പക്ഷേ കപ്പലിൽ യാത്ര ചെയ്യുന്നവർ രക്ഷിക്കപ്പെടേണ്ടവരാണ്. രക്ഷ ഉണ്ടാകണമെങ്കിൽ ഈ കപ്പൽയാത്രയുടെ ലക്ഷ്യമാകുന്ന വിശുദ്ധിയെ മുന്നിൽകണ്ടുകൊണ്ട് യാത്ര ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ മനുഷ്യരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട മനുഷ്യകുലത്തിന് പ്രകാശമായിത്തീരുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. 'ജനതകളുടെ പ്രകാശം' എന്നാണല്ലോ സഭയെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ വിശേഷിപ്പിക്കുന്നത്. അതുകൊണ്ട് സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന് സഭയെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ എടുത്തുപറഞ്ഞിരിക്കുന്നു (LG അദ്ധ്യായം 5).

സ്വർഗ്ഗീയതുറമുഖത്തേക്കു യാത്ര ചെയ്യുന്ന സഭയാകുന്ന കപ്പലിനെ സുരക്ഷിതമായി വിശുദ്ധിയിൽ നയിക്കുവാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവനാണ് പുരോഹിതൻ. പൗലോസ്ശ്ലീഹായും കൂട്ടരും യാത്ര ചെയ്ത കപ്പൽ വലിയ കൊടുങ്കാറ്റിൽപെട്ട് ആടിയുലഞ്ഞപ്പോൾ ചരക്കുകളും കപ്പൽപായ്കളും കടലിൽ വലിച്ചെറിഞ്ഞു (ശ്ലീഹാ 27,18-19). അതുപോലെ ഈ യാത്രയിൽ ലക്ഷ്യത്തിലെത്തിച്ചേരുവാൻ തടസ്സമായി നില്ക്കുന്നതെല്ലാം, വിശുദ്ധിയ്ക്കു ചേരാത്തവയെല്ലാം, ഉപേക്ഷിക്കുവാനും വിശുദ്ധി പ്രാപിക്കുവാൻ സഹാ

യകരമായ എല്ലാ ഉപാധികളും ഉപയോഗിച്ച് യാത്ര സുഗമമാക്കുവാനും സഭാംഗങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. വിശുദ്ധിയെ പരിപോഷിപ്പിക്കുന്ന വിശ്വാസജീവിതവും കൂദാശാജീവിതവും പ്രാർത്ഥനാജീവിതവും നയിക്കുവാൻ സഭാംഗങ്ങളെല്ലാവരും ശ്രമിക്കണം. അപ്രകാരം ജീവിക്കുവാൻ പുരോഹിതൻ പരിശ്രമിക്കുകയും തന്റെ ശുശ്രൂഷയ്ക്കു ഭരമേല്പിക്കപ്പെട്ട വിശ്വാസികളെ അതിനായി സഹായിക്കുകയും ചെയ്യണം. പൗലോസ്ശ്ലീഹാ കപ്പൽയാത്രക്കാരെ ഒന്നിപ്പിച്ച്, പ്രോത്സാഹിപ്പിച്ചു കൊണ്ടുപോയതുപോലെ സഭാകൂട്ടായ്മയിലുള്ള എല്ലാവരെയും അവരുടെ ജീവിതപ്രതിസന്ധികളിൽ ധൈര്യപ്പെടുത്തുകയും മുന്നോട്ടുപോകുവാൻ പ്രോത്സാഹിപ്പിക്കുകയും വിശുദ്ധിയാകുന്ന ലക്ഷ്യത്തിൽ എത്തിച്ചേരുവാനാവശ്യമായ ശുശ്രൂഷ നല്കുവാൻ നിരന്തരമായി ശ്രദ്ധിക്കുകയും വേണം.

**ജീവിതസൂചിക**

1. പൗരോഹിത്യകൂട്ടായ്മയും സഭാകൂട്ടായ്മയും നിലനിർത്തുന്നതിനും വളർത്തുന്നതിനും ഞാൻ എങ്ങനെയെല്ലാം ശ്രമിക്കുന്നു?

2. ആത്മീയജീവിതത്തിലും അജപാലനശുശ്രൂഷയിലും വിശ്വാസത്താൽ നയിക്കപ്പെടുന്നതിനും ആത്മീയനിയന്ത്രണം തേടുന്നതിനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

3. സഭയോടൊത്തു ചിന്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അപ്രകാരം ജനങ്ങളെ പരിശീലിപ്പിക്കുന്നതിനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?

4. ജീവന്റെ അപ്പമായ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

5. സഭാജീവിതലക്ഷ്യമായ വിശുദ്ധിയിൽ വളരാനും സഭാംഗങ്ങളെ വിശുദ്ധിയിൽ വളർത്താനും ഞാൻ ശ്രമിക്കുന്നുണ്ടോ?